**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.302** — **20.06.2019 - ൽ മറുപടിയ്ക്ക്**

## കാൻസർ രോഗമില്ലാത്ത യുവതിയെ കീമോതെറാപ്പിക്ക് വിധേയയാക്കിയ സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഒരു മെഡിക്കൽ കോളേജിൽ കാൻസർ രോഗിയല്ലാത്ത യുവതി കീമോതേറാപ്പിക്ക് വിധേയയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുത സംഭവം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആരുടെ ഭാഗത്താണ് ഇത്തരം മാപ്പർഹിക്കാത്ത തെറ്റ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഇത്തരത്തിൽ ഗുരുതരവും മനുഷ്യത്വ-രഹിതവുമായ സംഭവ വികാസങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) യും (സി) യും പ്രിൻസിപ്പൽ തലത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഡോക്ടറുടെ ഭാഗത്തുനിന്നും വീഴ്ചയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ഉന്നതതല സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) പ്രസ്തുത സംഭവത്തിനിരയായ യുവതിക്ക് എന്തൊക്കെ നഷ്ടപരിഹാരം നല്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) ഉന്നതതല സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) സ്വകാര്യ ലാബ് ഉടമകളും സർക്കാർ ഡോക്ടർമാരും തമ്മിൽ ആശാസ്യമല്ലാത്ത ബന്ധം ഉള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ